**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 177** **16-09-2025-ൽ മറുപടിയ്ക്ക്**

**<u>സർക്കാർ ആശുപത്രികളുടെ ശോചനീയാവസ്ഥ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
ശ്രീ. ഐ. സി. ബാലകൃഷ്ണൻ
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ 135 ആശുപത്രികളിലായി 225 കെട്ടിടങ്ങൾ പൊളിഞ്ഞുവീഴാറായ നിലയിലാണെന്ന് ആരോഗ്യവകുപ്പ് കണ്ടെത്തിയിട്ടുണ്ടോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലെയും കെട്ടിടങ്ങളുടെ സ്ഥിരത പരിശോധിക്കുവാൻ തീരുമാനിക്കുകയും പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. **ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 05.08.2025ന് ചേർന്ന യോഗത്തിൽ സംസ്ഥാനത്തെ പൊതുകെട്ടിടങ്ങളിൽ ഘടനാപരമായി ബലഹീനമായിട്ടുള്ളവയെക്കുറിച്ച് പഠനം നടത്തി പൊളിച്ച് മാറ്റേണ്ടവയുടെ കാര്യത്തിൽ അടിയന്തരമായി തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ബലഹീനമായിട്ടുള്ള കെട്ടിടങ്ങൾ പൊളിച്ച് മാറ്റുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഉള്ള അധികാരം ജില്ലാ കളക്ടർമാർക്ക് നൽകാവുന്നതാണെന്നും അടിയന്തര ഘട്ടങ്ങളിൽ 2005 -ലെ ദുരന്ത നിവാരണ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിക്കാവുന്നതാണെന്നും തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പഴയ കെട്ടിടങ്ങളുടെ തൽസ്ഥിതി വിവരങ്ങൾ ശേഖരിക്കുകയും അപകടകരമായി നിലനിൽക്കുന്നവയുടെ തീവ്രത കണ്ടെത്തി പൊളിച്ചുമാറ്റേണ്ടവയെ Major, Minor എന്നിങ്ങനെ തരം തിരിച്ചും, അറ്റകുറ്റപ്പണികൾ ഉള്ള കെട്ടിടങ്ങളുടെ എണ്ണവും അടങ്ങുന്ന വിശദമായ പട്ടിക തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. PWD, IIT, NIT മുതലായ സർക്കാർ ഏജൻസികളുടെ വിദഗ്ധമായ പരിശോധനാ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടങ്ങളുടെ അപാകതകൾ (Retrofixing) പരിഹരിച്ച് പുനരുപയോഗിക്കുന്നതിനും അല്ലായെങ്കിൽ പൊളിച്ച് നീക്കി പുതിയ കെട്ടിടങ്ങൾ പണിയുന്നതിലേക്കായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്**

**(ബി)** എങ്കിൽ ഇത്തരം കെട്ടിടങ്ങളിൽ അറ്റകുറ്റപണികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഉത്തരം(എ) പിരിവിൽ ചേർത്തിരിക്കുന്നു

**(സി)** കോട്ടയം മെഡിക്കൽ കോളേജിൽ കെട്ടിടം പൊളിഞ്ഞുവീണ സ്ത്രീ മരിച്ച സംഭവത്തെ തുടർന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**<u>മറുപടി:</u>** ഈ ആശുപത്രിയിലെ EFG ബ്ലോക്കിലെ റേഡിയോളജി വിഭാഗം, ഓപ്പറേഷൻ തീയറ്റർ, വാർഡുകൾ എന്നിവ അടയ്ക്കുകയും പ്രസ്തുത വിഭാഗങ്ങൾ പുതുതായി പണികഴിപ്പിച്ച സർജിക്കൽ ബ്ലോക്കിലേയ്ക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. ഈ സംഭവുമായി ബന്ധപ്പെട്ട നടപടികൾ 3 തരത്തിലാണ് സ്വീകരിച്ചിട്ടുള്ളത്.

1. **<u>സത്വര നടപടികൾ</u>**

സംഭവം നടന്ന ഉടൻതന്നെ ആശുപത്രി ഭരണ സമിതി രക്ഷാപ്രവർത്തനം ആരംഭിക്കുകയും 343 രോഗികളെ വാർഡുകളിൽ നിന്നും സുരക്ഷിതമായി ഒഴിപ്പിച്ച് മറ്റ് സ്ഥലങ്ങളിലേയ്ക്ക് മാറ്റുകയും ചെയ്തു.

ബഹു.മന്ത്രിമാർ ആശുപത്രി സന്ദർശിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയതിന്റെ അടിസ്ഥാനത്തിൽ പോലീസ്, ഫയർഫോഴ്സ്, പൊതുമരാമത്ത് വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പ്രവർത്തനം ഏകോപിപ്പിച്ചു. ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സ്ഥിതി അവലോകനം ചെയ്തു.

HITES, KMSCL, ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥർ തുടർച്ചയായി സ്ഥിതിഗതികൾ വിലയിരുത്തി രോഗീപരിചരണത്തിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു.

**<u>2. ഹ്രസ്വകാല നടപടികൾ</u>**

സർജിക്കൽ ബ്ലോക്കിലെ വാർഡുകൾ, ഫാക്കൽറ്റി റൂമുകൾ, EEG, ലാബ്, ലിഫ്റ്റ്, മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ എന്നിവ യുദ്ധകാലാടിസ്ഥാനത്തിൽ

പൂർത്തിയാക്കുവാൻ നടപടി സ്വീകരിച്ചു.

മെഡിക്കൽ കോളേജ് ക്യാമ്പസിലെ മറ്റ് കെട്ടിടങ്ങളുടെ സുരക്ഷാ സ്ഥിതി വിലയിരുത്തി അടിയന്തര പ്രശ്നങ്ങൾ പരിഹരിച്ചു.

സർജിക്കൽ ബ്ലോക്കിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന OT Complex, CSSD തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തിയാക്കുവാൻ KMSCL/ HITES നെ ചുമതലപ്പെടുത്തി.

ദുരന്ത ബാധിതരായ രണ്ട് രോഗികളുടെ ചികിത്സ പൂർണമായും നടത്തി ഡിസ്ചാർജ് ചെയ്തു.

**<u>3. ദീർഘകാല നടപടികൾ</u>**

ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കുവാൻ പി.ഡബ്ല്യൂ.ഡിയുടെ സുരക്ഷാ നിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്

വാർഡ് 2,6,9 എന്നിവിടങ്ങളിലെ ടോയ്ലെറ്റ് കോംപ്ലക്സുകൾ പൊളിച്ച് പുതിയത് നിർമ്മിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

പേഷ്യന്റ് എൻട്രി ഏരിയ, ആംബുലൻസ് ബേ, റാംപ് എന്നിവ ഉൾപ്പെടുന്ന പുതിയ സൗകര്യങ്ങൾ EFG ബ്ലോക്കിന്റെ സ്ഥലം ഉപയോഗിച്ച് നിർമ്മിക്കുവാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കുന്നതിന് നിർദ്ദേശം നൽകി.

ക്യാമ്പസിലെ പഴക്കം ചെന്ന കെട്ടിടങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകി പീരിയോഡിക് സുരക്ഷാ ഓഡിറ്റ് തുടരുവാനും അവരുടെ ശിപാർശകൾ കർശനമായി നടപ്പിലാക്കുവാനും നിർദ്ദേശം നൽകി.

**സെക്ഷൻ ഓഫീസർ**